"ഭരണഭാഷ - മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

എൻ.സി.സി വകുപ്പ് - എറണാകുളം എൻ.സി.സി. ഗ്രൂപ്പ് ഹെഡ് ക്വാർട്ടേഴ്സിലെ മാനേജർ ശ്രീ.അശോക് കുമാറിന് അക്കൗണ്ട്സ് ഓഫീസറായി ഉദ്യോഗ കയറ്റം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉന്നത വിദ്യാഭ്യാസ (എ) വകുപ്പ്

സ.ഉ.(സാധാ) നം.984/2019/ഉവിവ. തീയതി, തിരുവനന്തപുരം, 17.06.2019

---

പരാമർശം:- 1) എൻ.സി.സി. വകുപ്പ് അഡീഷണൽ ഡയറക്ടർ ജനറലിന്റെ 26-2-2019, 30-05-2019 തീയതികളിലെ 10027/എ 1-എസ്റ്റാ/ഡി.പി.സി.(എച്ച്)2019/എൻ.സി.സി. നം. കത്തുകൾ.
2. 26.5.2019 ലെ ജി.ഒ(പി) 12/2019/ഉവിവ നം. ഉത്തരവ്.

## ഉത്തരവ്

എൻ.സി.സി വകുപ്പിൽ 01-06-2019 ൽ ഉണ്ടാകുന്ന അക്കൗണ്ട്സ് ഓഫീസർ തസ്തികയിലെ ഒഴിവ് നികത്തുന്നതിലേയ്ക്ക് ഡി.പി.സി (ഹയർ) യോഗം കൂടി സെലക്ട് ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള പ്രൊപ്പോസൽ പരാമർശം (1) പ്രകാരം എൻ.സി.സി വകുപ്പ് അഡീഷണൽ ഡയറക്ടർ ജനറൽ സർക്കാരിൽ സമർപ്പിച്ചിരുന്നു. 27-3-2019 ൽ ചേർന്ന ഡി.പി.സി.(ഹയർ) യോഗം ശ്രീ അശോക് കുമാറിനെ സെലക്ട് ലിസ്റ്റിൽ ഉൾപ്പെടുത്തുവാൻ തീരുമാനിക്കുകയും, ടിയാനെ ഉൾപ്പെടുത്തി എൻ.സി.സി വകുപ്പിലെ അക്കൗണ്ട്സ് ഓഫീസർ തസ്തികയിലേയ്ക്ക് നിയമനം നൽകുന്നതിനുള്ള 2019 ലെ സെലക്ട് ലിസ്റ്റ് പരാമർശം (2) പ്രകാരം അംഗീകരിക്കുകയും, വിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. അതിൻപ്രകാരം എറണാകുളം എൻ.സി.സി ഗ്രൂപ്പ് ഹെഡ് ക്വാർട്ടേഴ്സിലെ മാനേജർ ശ്രീ അശോക് കുമാറിന് അക്കൗണ്ട്സ് ഓഫീസർ തസ്തികയിൽ ഉദ്യോഗ കയറ്റം നൽകി, എൻ.സി.സി ഡയറക്ടറേറ്റിൽ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് 30-5-2019 ലെ കത്തുപ്രകാരം എൻ.സി.സി വകുപ്പ് അഡീഷണൽ ഡയറക്ടർ ജനറൽ അഭ്യർത്ഥിച്ചിട്ടുണ്ട്.

2. പ്രസ്തുത സാഹചര്യത്തിൽ, എറണാകുളം എൻ.സി.സി ഗ്രൂപ്പ് ഹെഡ് ക്വാർട്ടേഴ്സിലെ മാനേജർ ശ്രീ അശോക് കുമാറിന് അക്കൗണ്ട്സ് ഓഫീസർ തസ്തികയിൽ, 40500-85000/- രൂപ ശമ്പള സ്കെയിലിൽ, ഉദ്യോഗ കയറ്റം നൽകി, എൻ.സി.സി ഡയറക്ടറേറ്റിൽ നിലവിലുള്ള ഒഴിവിൽ നിയമിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**വിജയകുമാർ ആർ.**

ജോയിന്റ് സെക്രട്ടറി

അഡീഷണൽ ഡയറക്ടർ ജനറൽ, എൻ.സി.സി., തിരുവനന്തപുരം
ശ്രീ. അശോക് കുമാർ, മാനേജർ, എൻ.സി.സി. ഗ്രൂപ്പ് ഹെഡ് ക്വാർട്ടേഴ്സ്, എറണാകുളം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
www.highereducation.kerala.gov.in
സ്റ്റോക്ക് ഫയൽ/ ഓഫിസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ